വിദേശ രാജ്യങ്ങളായ യു.കെ. ബഹറിൻ, ഒമാൻ, യു.എസ്.എ. എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഏകോപിത നടപടി നോർക്ക വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

7. 2015 ജനുവരി 16, 17 തീയതികളിൽ നടന്ന ഗ്ലോബൽ എൻ.ആർ.കെ. മീറ്റിൽ വിദേശ മലയാളികളെ സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ഉതകുന്ന ചർച്ചകൾ നടത്തിയിരുന്നു. വിദേശ മലയാളികളുടെ നിക്ഷേപം സർക്കാരിന്റെ നിക്ഷേപ പദ്ധതികളിലൂടെ ആകർഷിക്കുന്നതിലേയ്ക്കായി സർക്കാർ പ്രഖ്യാപിക്കുന്ന വികസന സംരംഭ പദ്ധതികളുടെ വിശദാംശങ്ങൾ പ്രവാസി മലയാളികൾക്കിടയിൽ വ്യാപക പ്രചരണം നൽകുന്നതിന് വേണ്ടുന്ന നടപടികൾ നോർക്ക റൂട്ട്സ് മുഖേന സ്വീകരിച്ചിട്ടുണ്ട്.

8. വിദേശരാജ്യങ്ങളിൽ പ്രവാസി കലാമേളകൾ സംഘടിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്.

9. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ പ്രതിപാദിച്ചരീതിയിൽ നടപ്പിലാക്കുന്നതിന് നിശ്ചിത അപേക്ഷ ഫോറത്തിന്റെ മാതൃക നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകളോട് അവർ അംഗീകരിച്ച നിയമവിദഗ്ധരുടെ പാനൽ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

'വിശപ്പുരഹിത നഗരം' പദ്ധതി

98 (1466) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗജന്യ ഉച്ചഭക്ഷണപദ്ധതിയായ 'വിശപ്പു രഹിത നഗരം' പദ്ധതി ഘട്ടംഘട്ടമായി എല്ലാ നഗരങ്ങളിലും വ്യാപിപ്പിക്കുമെന്ന 2011-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുതപദ്ധതി ഇപ്പോൾ ഏതെല്ലാം നഗരങ്ങളിലാണ് നടപ്പാക്കി വരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോഴിക്കോട് നഗരത്തിൽമാത്രം നടപ്പിലാക്കിവന്ന പ്രസ്തുത പദ്ധതി മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽകൂടി വ്യാപിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ അധിക തുക നീക്കിവച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി) കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ നടപ്പാക്കിവരുന്നു.

(സി) പദ്ധതി നടത്തിപ്പിനായി ലഭിച്ച ബഡ്ജറ്റ് വിഹിതം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതം
1	2010-11	1,00,00,000
2	2011-12	....
3	2012-13	60,00,000
4	2013-14	1,40,00,000
5	2014-15	1,80,00,000
6	2015-16	1,90,00,000

ഹെവിഡ്യൂട്ടിഡ്രൈവർമാരുടെ ഒഴിവുകൾ

97 (1465) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കണ്ണൂർ ജില്ലയിലെ നഗരസഭകളിൽ ഹെവി ഡ്യൂട്ടി ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; അവ നഗരസഭ തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി അറിയിക്കുമോ ;

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly